# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.19** | **07.08.2017 ൽ മറുപടി നൽകേണ്ടത്.**

## കേരളത്തിലെ സിവിൽ സർവ്വീസ്

**ചോദ്യം**
**ശ്രീ.കെ.വി.വിജയദാസ്**

**ഉത്തരം**
**പിണറായി വിജയൻ**
**ബഹു. മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ സിവിൽ സർവ്വീസ് ജനസൗഹൃദപരവും ജനങ്ങൾക്ക് സേവനം വളരെ എളുപ്പത്തിൽ ലഭിക്കുന്നവിധത്തിലുമായി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) & (ബി) | 1) പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയ ബന്ധിതമായി തീർപ്പ് കല്പിക്കുന്ന തിനായി 30.3.1985, 16.7.2015, 12.01.2009 എന്നീ തീയതികളിലെ സർക്കുലറുകൾ പ്രകാരം വിവിധ നിർദ്ദേശങ്ങളും നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>2) അപേക്ഷകൾ/പരാതികൾ/ നിവേദനങ്ങൾ എന്നിവയ്ക്ക് ഒരാഴ്ചയ്ക്കകം കൈപ്പറ്റ് രസീത് നൽകുവാനും അപേക്ഷ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഒരു മാസത്തിനുള്ളിലും അന്തിമ തീർപ്പ് മൂന്ന് മാസത്തിനുള്ളിലും അപേക്ഷകന് നൽകണമെന്നും നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് അധ്യക്ഷന്മാർ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും കർശന നിർദ്ദേശം എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും വകുപ്പ് തലവൻമാർക്കും ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.<br>3) പഞ്ചദിന ചട്ടം, സേവനാവകാശം, വിവരാവകാശം, ഇ-ഓഫീസ് സംവിധാനം,പേഴ്സണൽ രജിസ്റ്ററുകളുടെയും അനുബന്ധ രജിസ്റ്ററുകളുടെയും കർശനമായ പരിശോധന, ഫയലുകളുടെ പ്രതിമാസ പ്രവർത്തന അവലോകനം, |
| (ബി) | സമയബന്ധിതമായി പ്രസ്തുത പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദവിവരം നൽകുമോ ; | | |

| | | | |
|---|---|---|---|
| | | | ഓരോ വകുപ്പിലും, സെക്ഷനുകളിലും സീറ്റുകളിലും ജോലിഭാരം മൂലം ഫയൽ കെട്ടികിടക്കുന്നതിന്കാരണമുണ്ടെങ്കിൽ അക്കാര്യം ഉന്നത തലത്തിൽ ശ്രദ്ധയിൽപ്പെടുത്തിപരിഹരിക്കുന്നതിനുള്ള നിർദ്ദേശം എന്നിവയെല്ലാം സമയബന്ധിതമായി ഫയൽ തീർപ്പുകൽപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളാണ്.<br>4) സെക്രട്ടേറിയറ്റിൽ മുഴുവൻ ഫയലുകളുടെ നീക്കവും ഇ-ഓഫീസ് മുഖാന്തിരം നടപ്പിലാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ ഫയൽ നീക്കത്തിലുണ്ടാകുന്ന കാലതാമസം ഗണ്യമായി കുറയ്ക്കുവാനും സാധിക്കുന്നുണ്ട്.<br>5) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണവകുപ്പിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സേവനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പരിശീലനം ലഭ്യമാക്കുന്നതിലേക്കായാണ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ പരിശീലന കേന്ദ്രം അനുവദിച്ച് ഉത്തരവായത്.<br>6) പൊതുഭരണ വകുപ്പിൽ പി.എസ്.സി. വഴി നിയമിതരാകുന്ന എല്ലാ ഉദ്യോഗസ്ഥർക്കും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ കീഴിലുള്ള ഇൻഹൗസ് ട്രെയിനിംഗ് സെന്റർ മുഖേന വിവിധ വിഷയങ്ങളിൽ പരിശീലനം നൽകി വരുന്നു.<br>7) ജീവനക്കാരുടെ പെരുമാറ്റവും മനോഭാവവും പൊതുജനങ്ങൾക്ക് ഗുണകരമാക്കുന്നതിനും അഴിമതി രഹിതമായ സേവനം നൽകുന്നതിനും പര്യാപ്തമായ പരിശീലനങ്ങൾ സർക്കാർ ജീവനക്കാർക്ക് ഐ.എം.ജി, കില, മുതലായ സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നു. |
| (സി) | KAS എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ ; | (സി) | ഇതുമായി ബന്ധപ്പെട്ട കരട് സ്പെഷ്യൽ റൂൾ സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുവാൻ തീരുമാനിക്കുകയും ആയതിനായി |

| | | | |
|---|---|---|---|
| | | | ചീഫ് സെക്രട്ടറി അധ്യക്ഷയായ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | KAS നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ? | | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു കൊണ്ട് സ.ഉ(കൈ)1/2017 ഉഭപവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |

Deepa

**സെക്ഷൻ ഓഫീസർ.**